TB Movie Panel

**#comedymoviefest**

കല്യാണരാമൻ:

എഴുതിയത് : Lijo Rachel George

ഒരു കല്യാണ വീടിന്റെയും കല്യാണ ഒരുക്കങ്ങളുടെയും പശ്ചാത്തലത്തിൽ ഇറങ്ങിയ ഒരു റൊമാന്റിക്-കോമഡി ചലച്ചിത്രമാണ്, കല്യാണ രാമൻ.കല്യാണ വീട്ടിൽ തന്നെ പന്തലിട്ട് സദ്യയൊരുക്കി നടത്തിയിരുന്ന പഴയ കാല ആഘോഷ കൂട്ടായ്മയുടെ പശ്ചാത്തലത്തിൽ നടക്കുന്ന കുറെ രസകരമായ സംഭവങ്ങളും ഒപ്പം കുറച്ചു വൈകാരിക മുഹൂർത്തങ്ങളും എല്ലാം ചേർന്ന ഒരു പ്രണയ കഥ.

പാട്ടിന്റെ അകമ്പടിയോടെ തുടങ്ങുന്ന ചിത്രം, തുടക്കത്തിൽ മനോഹരമായൊരു വർണ്ണ കാഴ്ച കൂടി പ്രേക്ഷകർക്ക് സമ്മാനിക്കുന്നുണ്ട്.പാട്ടിനു പിന്നാലെ ഒരു ഐതിഹ്യ കഥയിൽ നിന്നു തുടങ്ങി ഫ്ലാഷ്ബാക്ക് രീതിയിൽ കഥ പറയുന്ന ചിത്രത്തിൽ, ഫ്ലാഷ്ബാക്കിന്റെ ആദ്യ സീൻ മുതലിങ്ങോട്ട് ചിരിയുടെ മേളപെരുക്കത്തിനുള്ള ചേരുവകളാണ് കൂടുതലും.ഇരുപത് വർഷം മുൻപിറങ്ങിയ ചിത്രത്തിലെ 90% ഡയലോഗുകളും ഇന്ന് പലരുടെയും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കപ്പെടുന്ന ഒരു പതിവ് ശൈലിയായി മാറി എന്ന് പറയാവുന്നതാണ്.

അവയിൽ ചിലത് ഇനി പറയുന്നവയല്ലെന്ന് ഒന്ന് ചിന്തിച്ചു നോക്കിക്കേ: 'Melcow', 'എന്ത് തോന്നിവാസവും കാണിച്ചിട്ട് സോറിയോ', 'ഇത്തിരി അലങ്കോല പണി മാത്രം ബാക്കിയുണ്ട്', 'സവാള ഗിരിഗിരി,' 'നീ എവിടെ പരിപാടി അവതരിപ്പിച്ചാലും ഇത് തന്നെ ആണല്ലോ ഗതി', 'തളരരുത് രാമൻകുട്ടി തളരരുത്' 'കലാകാരൻ അല്ലാത്തവരെ സമൂഹം അംഗീകരിക്കില്ല', 'ദോ ലവൻ പാടുന്നു, നീ പാട് പെടും', ഇവയൊക്കെ ജീവിതത്തിൽ ഒന്നിൽ കൂടുതൽ തവണ പറഞ്ഞിട്ടുള്ളവരല്ലേ നമ്മൾ ഭൂരിപക്ഷവും?

ഇവയിൽ മിക്കവാറും എല്ലാം തന്നെ സലിം കുമാറിന്റെ ഡയലോഗുകൾ ആണെന്നുള്ളതും, അതിൽ പലതും തിരക്കഥയിൽ ഇല്ലാത്തതും, അദ്ദേഹം ഓൺ ദി സ്പോട്ട് കയ്യിന്ന് ഇട്ടതും ആണെന്ന് അറിയുമ്പോഴാണ് സ്വന്തം വ്യക്തി ജീവിതത്തിലും ചിരിയും സന്തോഷവും നിലനിർത്തുന്ന അദ്ദേഹത്തിന്, ഒരു കൊമേഡിയൻ എന്ന നിലയിലുള്ള കാലിബർ എത്രത്തോളം മികവുറ്റത് ആയിരുന്നുവെന്നും അത് എത്രമാത്രം നാച്ചുറൽ ആയിരുന്നുവെന്നുമൊക്കെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

'ചേട്ടാ, കുറച്ചു ചൊറിടട്ടെ','തന്നെ കല്യാണം വിളിച്ചിട്ടുണ്ടോ, കല്യാണക്കുറി കാണിച്ചിട്ട് പോയാൽ മതി', 'ദേ ഇതിവിടിരുന്നോട്ടെ കേട്ടോ, വേസ്റ്റ് ഗ്ലാസ്സാ','ഒന്ന് മിണ്ടാണ്ടിരിക്കുന്നുണ്ടോ,എന്റെ കോൺസെൻട്രേഷൻ പോണു', 'ശ്ശെടാ, വയസ്സാം കാലത്തു ഇങ്ങനെ ആരുന്നെങ്കിൽ ചെറുപ്പ കാലത്ത് എന്താരുന്നുവോ' ഇവയൊക്കെയും കൂടിയും പ്രേക്ഷകരിൽ ചിരി പടർത്തിയിട്ടുണ്ട്.

ഒരു സിനിമയിൽ നിന്നും ഇത്രയേറെ ഡയലോഗുകൾ നിരവധി ആളുകൾ ജീവിതത്തിൽ പകർത്തുന്നതും ഇത് ആദ്യമായിട്ടായിരിക്കണം. സലിം കുമാറും ഇന്നസെന്റും നാരായൻകുട്ടിയും അന്തരിച്ച ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ഒക്കെ അവരവരുടെ റോളുകൾ ഭംഗിയായി അവതരിപ്പിച്ചു കൊണ്ട് പ്രേക്ഷകരെ കൂടുതൽ ചിരിപ്പിച്ചു.സ്വന്തം റോൾ ചെറുതോ വലുതോ എന്ന് നോക്കാതെ അഭിനയിച്ച സിനിമകളിൽ എല്ലാം തന്നെ സ്വന്തമായൊരു വ്യക്തിമുദ്ര പതിപ്പിച്ച മുത്തശ്ശൻ (ഉണ്ണികൃഷ്ണൻ നമ്പൂതിരി) ഇതിലും പതിവ് തെറ്റിച്ചില്ല.സലിം കുമാറിന്റെ പ്യാരിയും (പ്യാരിലാൽ) ഇന്നസെന്റ് ന്റെ Mr. പോഞ്ഞിക്കരയും ഒരുപാട് ഫാൻസിനെ സമ്പാദിച്ചു കോമഡിയിൽ ഒരു കൾട്ട് ആയി മാറിയ കഥാപാത്രങ്ങളും കൂടിയാണ്.

കോമഡിയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുന്ന ചിത്രത്തിൽ ഡാൻസിന് ഡാൻസ്, പാട്ടിനു പാട്ടു, ബിജിഎം, അതോടൊപ്പം ഇമോഷണൽ എലമെന്റ്സും റൊമാൻസും കൂടി പാകത്തിന് ചേർത്തു പാകപ്പെടുത്തിയ ഒന്നാണ്.ലാലു അലക്സും (തമ്പി സർ) ലാലും (തെക്കേടത്ത് അച്ചുതൻ കുട്ടി/അച്ചു) ദിലീപും (രാമൻകുട്ടി) നവ്യയും (ഗൗരി) കുഞ്ചാക്കോ ബോബനും (ഉണ്ണി) ബോബൻ ആലുമൂടൻ (Dr. ശിവപ്രസാദ് ) ജ്യോതിർമയി (രാധിക) കലാരഞ്ജിനി, തിലകൻ (മേല്പാടൻ തിരുമേനി) എല്ലാം അവരവരുടെ റോളുകളിൽ ജീവിക്കുകയായിരുന്നു. എന്നാലും തമ്പി സാറും മുത്തശ്ശനും തിരുമേനിയും ഒരു typecast കഥാപാത്രവും ആയിരുന്നു.

സിനിമയുടെ മുപ്പത്തി ഒന്നാം മിനിറ്റിൽ, കല്യാണം നടക്കില്ല എന്ന് ചെറുക്കന്റെ ബന്ധുക്കൾ വന്നു പറയുന്ന രംഗത്തിലെ, ലാലുവിന്റെ ഭാവവും റിയാക്ഷനും, അദ്ദേഹത്തിന്റെ സ്വന്തം മകളുടെ കല്യാണം മുടങ്ങിയാൽ തോന്നുന്നതിന്റെയത്ര നാച്ചുറൽ ആണ്.അതുവരെയും എല്ലാവരെയും ചിരിപ്പിച്ച രാമൻകുട്ടി ഒരു കാരണവരുടെ രീതിയിൽ ആ രംഗത്തിൽ പ്രതികരിക്കുന്നുമുണ്ട്.

രാധികയുടെയും Dr.ശിവദാസിന്റെയും കല്യാണം ഉറപ്പിച്ച ശേഷം, രാമൻകുട്ടിയും ഗൗരിയും തമ്മിലുള്ള സംഭാഷണവും കഴിഞ്ഞു, (സലിം കുമാർ) പ്യാരിലാലിന്റെ വക ഇംഗ്ലീഷ് ഡയലോഗ് കേൾക്കുന്ന മാത്രയിൽ തന്നെ ചിരിച്ചു പോകും.

ശേഷം ദിലീപിന്റെ മറുപടി: 'വാട്ട് യൂ മീൻ' (പ്രത്യേക ഈണത്തിൽ)

ശേഷം സലിം കുമാർ:നെയ്മീൻ, ചാളമീൻ, അയല മീൻ, തിലോപ്പിയ മീൻ.. പിന്നെ ഒരു പ്രത്യേക എക്സ്പ്രഷനും!ആ സീനിൽ ദിലീപ് ചിരിക്കുന്നത് നമുക്കും ശ്രദ്ധിച്ച് നോക്കിയാൽ കാണാവുന്നതാണ്.

രാധികയുടെയും ഏട്ടന്റെയും ജാതകം നോക്കാൻ പോകുന്ന സീനിൽ, തടസ്സം പറയുന്ന നമ്പൂതിരിയ്ക്ക് ദിലീപ് കാശ് വെച്ചു കൊടുക്കുമ്പോൾ, 'മഹാലക്ഷ്മി പാതിരയ്ക്ക് വന്നാലും മടക്കി വിടാൻ പാടില്ല എന്ന് പറയുന്ന നമ്പൂതിരിയോട്, പ്യാരി, 'മഹാലക്ഷ്മി ആരാ മോളാ!ഭാര്യയായിരിക്കും അല്ലെ!' എന്ന് മറുമൊഴി.

ശേഷം കല്യാണം കഴിഞ്ഞു, ആര് ചോറ് വിളമ്പും എന്ന് രാമൻകുട്ടിയും തമ്പിയും തമ്മിൽ തർക്കിക്കുമ്പോഴും, ശേഷം ഇന്നസ്ന്റ് മറ്റൊരാൾക്ക് ചോറ് വിളമ്പുന്ന സീനിലും ഉള്ള സലിം കുമാറിന്റെ ഡയലോഗും കൂടെ ആ എക്സ്പ്രഷനും ഒക്കെ കാണുമ്പോൾ, ആ സീനിൽ തൊട്ടടുത്തു ഊണ് കഴിക്കാൻ ഇരിക്കുന്ന ആള് വരെ ഇതൊക്കെ കണ്ടു ചിരി വന്നിട്ട് ഫ്രെയിമിൽ നിന്ന് മാറി ചിരിക്കുന്നത് കാണാം. അങ്ങനെ ഷൂട്ടിംഗ് വരെ ആഘോഷമായ ഒരു പടമാണ് ഇത്.

ഇതുവരെ പറഞ്ഞതെല്ലാം ചിരിയുടെ മാലപ്പടക്കം കൊളുത്തിയ രംഗങ്ങൾ ആയിരുന്നുവെങ്കിൽ, ഇനിയങ്ങോട്ട്, കണ്ണു നിറക്കുന്ന രംഗങ്ങളാണ് കൂടുതലും. തമ്പി സർ, മേല്പ്പാടൻ തിരുമേനിയെ കണ്ടതിനു ശേഷം, ഗൗരിയുമായുള്ള കല്യാണം രാമൻകുട്ടി തന്നെ ഒഴിവാക്കണമെന്ന്, തമ്പി സർ പറയുന്ന രാമൻകുട്ടിയോട് നേരിട്ട് പറയുന്ന രംഗങ്ങൾ മുതൽ വേറൊരു ദിലീപിനെയാണ് നമുക്ക് സ്ക്രീനിൽ കാണാൻ സാധിക്കുന്നത്.ഈ സീനിൽ രാമൻകുട്ടിയുടെ ഒരു നോട്ടമുണ്ട്: ആ കേട്ടതിന്റെ ഷോക്കും വിഷമവും പേടിയും എല്ലാം ചേർന്ന ഒരു നോട്ടം; ബാക്ക്ഗ്രൗണ്ടിൽ തിരമാലകളും അതിന്റെ അലയടി ശബ്ദവും. കഥയിലെ തീവ്രമായ വൈകാരിക മുഹൂർത്തങ്ങൾ പ്രേക്ഷകരിലേയ്ക്ക് പകർന്നു നല്കാൻ ഇതിലും കാവ്യാത്മകമായ മറ്റെന്താണ് വേണ്ടത്!

ശേഷം ഗൗരിയുടെ വീട്ടിൽ എത്തുമ്പോൾ, അവളെ വിശ്വാസമില്ലാത്ത സംശയ രോഗിയായി അഭിനയിച്ചു വഴക്കുണ്ടാക്കുന്നതിന് തൊട്ടു മുൻപുള്ള സമയത്ത്, ഗൗരവ ഭാവത്തിലുള്ള തുറിച്ചു നോട്ടവും ഒപ്പം വേഗത്തിലുള്ള നടത്തവും കാണാം.ആ സമയത്ത്, പാട്ടിന്റെ ട്യൂണിനും ബിജിഎമ്മിന് വരെയും ഒരു വേഗതയുണ്ട്.എന്നാൽ, ഗൗരിയോട് ദേഷ്യപ്പെടുന്നതിന് തൊട്ട് മുൻപ് രാമൻകുട്ടിയുടെ മുഖം close up ഇൽ വരുമ്പോൾ, കണ്ണുകളിൽ ആ പഴയ വിഷമവും കാണാം. എന്നാലും അടുത്ത സെക്കൻഡിൽ വീണ്ടും ഗൗരവത്തിന്റെ മൂടി ഭംഗിയായി അണിയാൻ രാമൻകുട്ടിയ്ക്ക് സാധിക്കുന്നുണ്ട്.

കല്യാണം മുടക്കിയതിന് ശേഷം വീണ്ടും നിറഞ്ഞ കണ്ണുകളോടെയുള്ള ഒരു നോട്ടമുണ്ട്: ഗൗരിയെ വേദനിപ്പിച്ചതിലുള്ള വിഷമവും

കുറ്റബോധവും അവൾ കരയുന്നത് കാണുമ്പോൾ തോന്നുന്ന സങ്കടവും ഗൗരിയുമായി ഒരു ജീവിതം തുടങ്ങാൻ സാധിക്കാത്തതിന്റെയും വിഷമവും എല്ലാം കൂടി ചേർന്നൊരു നോട്ടം!ഒരുപാട് പ്രേക്ഷകരുടെ കണ്ണു നനയിച്ച ഒരു നിമിഷമാണ് അത്.

സിനിമയുടെ അവസാന ഭാഗത്തു, ആരുമറിയാതെ ഗൗരിയുടെ കഴുത്തിൽ രാമൻകുട്ടി കെട്ടിയ താലി,നക്ഷുമാര് വഴി, തമ്പി സാറിന്റെ കയ്യിലെത്തിയ ശേഷം, തമ്പി സർ അത് എടുത്തുയർത്തുമ്പോൾ വീണ്ടും, രാമൻകുട്ടി വക ഒരു ദയനീയമായ നോട്ടമുണ്ട്, സങ്കടവും നിസ്സഹായതയും തെറ്റ് ചെയ്തു പോയെന്നുള്ള കുറ്റബോധവും അതിനു ക്ഷമ യാചിക്കും പോലെയും, പിന്നെ പേടിയോടെയും ഒക്കെ ഉള്ള കൈകൂപ്പിയ ഒരു നോട്ടവും!ശേഷം കൂപ്പിയ കയ്യാലേ മുഖം മറച്ചു കരഞ്ഞോണ്ട്, ഊർന്ന് നിലത്തേക്കിരുന്നു അവിടെയിരുന്നു വീണ്ടും കരയുന്നു! ഒരൊറ്റ ഡയലോഗ് പോലുമില്ലാതിരുന്നിട്ടും ആ നിമിഷങ്ങൾ പ്രേക്ഷകരിലുണ്ടാക്കിയ ഇമ്പാക്ട് ചെറുതല്ല. 2hr 06m ദൈർഘ്യമുള്ള സിനിമയിൽ,അവസാനത്തെ 20 മിനിട്ട് മാത്രം വരുന്ന വൈകാരിക മുഹൂർത്തങ്ങളിൽ, ദിലീപ് എന്ന നടന്റെ ഇമോഷണൽ ട്രാൻസിഷനുംമനോഹരവും ഹൃദ്യവുമാണ്.

ബെന്നി പി നായരമ്പലത്തിന്റെ കഥ/തിരക്കഥയെ അക്കാലത്തെ ഒരു blockbuster ഹിറ്റ് ആക്കി
മാറ്റിയതിൽ സംവിധായകനും അഭിനേതാക്കൾക്കുമൊപ്പം സംഗീതത്തിനും ഒരു പ്രധാന പങ്കുണ്ട്. അക്കാലത്തെ നിരവധി കോമഡി ചിത്രങ്ങൾ സംവിധാനം ചെയ്ത ഷാഫി യുടെ രണ്ടാമത്തെ ചലച്ചിത്രമാണ് കല്യാണരാമൻ.കൈതപ്രം ദാമോദരൻ മാഷിന്റെ സന്ദർഭോചിത വരികൾക്ക് സംഗീതം നല്കിയിരിക്കുന്നത് ബേണി -ഇഗ്നേഷ്യസ് ആണ്.

റിലീസ് സമയത്ത് നിന്ന് ഇന്നത്തെ കാലത്തിലേയ്ക്ക് എത്തുമ്പോൾ, ഈ സിനിമ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന്, സിനിമ അന്ധ വിശ്വാസം പ്രചരിപ്പിക്കുന്നു എന്നതാണ്.പക്ഷെ 2002 ഇൽ ഇത് തിയേറ്ററിൽ കണ്ട ആളുകൾ ഇതിലെ കോമഡി എലമെന്റ്സിന് മാത്രമാണ് പ്രാധാന്യം കൊടുത്തത് അല്ലെങ്കിൽ അന്നത്തെ പ്രേക്ഷകർ ഇത്തരം നിസ്സാര കാര്യങ്ങൾക്ക് അനാവശ്യ പ്രാധാന്യം കൊടുത്തു വിവാദങ്ങൾ ഉണ്ടാക്കാതെ, സിനിമയെ സിനിമ ആയി കണ്ടു അതിന്റെ മെയിൻ തീം ആസ്വദിക്കുകയും പോസിറ്റീവ് കാര്യങ്ങൾ എടുക്കുകയും ചെയ്തിരുന്നു എന്നാണ് ഈ സിനിമയുടെ വിജയം ഓർമിപ്പിക്കുന്നത്.ഇനിയഥവാ കഥയുടെ രീതിയിൽ ആലോചിച്ചാലും, അന്ധ വിശ്വാസങ്ങളിൽ കഴമ്പില്ല എന്നാണ് സിനിമ പറയുന്നത് എന്നാണ് എന്റെ പക്ഷം.